**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **30-01-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ചികിത്സാ പദ്ധതിയുടെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കിവരുന്ന പ്രീമിയം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മെഡിസെപ്പ് ആനുകൂല്യം നൽകിവന്നിരുന്ന പല ആശുപത്രികളും ഇപ്പോൾ ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; അത്തരത്തിലുള്ള ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള ചികിത്സ അനുകൂല്യങ്ങൾ നൽകുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾ പാലിക്കാതെ ഇൻഷ്വറൻസ് പദ്ധതി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11.09.2023 ൽ സ.ഉ(പി) നം.97/2023/ ധന പ്രകാരം Standard Operating Procedure പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള ചികിത്സ അനുകൂല്യങ്ങൾ നൽകുന്നത് നിർത്തിവയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏതെങ്കിലും ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയോ സസ്പെൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏഴ് ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ 11.09.2023 ലെ സ.ഉ.(പി)നം. 97/2023/ ധന ഉത്തരവ് പ്രകാരം ആശുപത്രികളെ സസ്പെന്റ് ചെയ്യുന്നതുമായിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തീരുമാനം കൈക്കൊള്ളുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മെഡിസെപ്പ് എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടക്കേണ്ട സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിസെപ്പ് എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ ഇൻഷ്വറൻസ് കമ്പനിക്കും സർക്കാർ തലത്തിലെ ത്രിതല സംവിധാനത്തിലും പരാതി സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | വിദഗ്ദ്ധ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (ഇ) | മെഡിസെപ് പദ്ധതിയുടെ പാക്കേജ് പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി 22500/- രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത്. |
| (എഫ്) | ഒ.പി. യിലെ പരിശോധനയെ തുടർന്നു അഡ്മിറ്റാകേണ്ടി വരുന്ന ആളിന് അഡ്മിറ്റാകുന്നതിന് മുന്നേ വരെ ഒ.പി. യിൽ നടത്തിയ ചികിൽസയ്ക്ക് മെഡിസെപ്പ് ആനുകൂല്യം ലഭ്യമാണോ; വിശദമാക്കുമോ; അഡ്മിറ്റാകുന്ന ആളിന് ഡിസ്ചാർജിന് ശേഷം ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭിക്കുമോ; വിശദാംശം നൽകുമോ? | (എഫ്) | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിലവിൽ ഐ.പി. ചികിത്സ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആയ ശേഷം രണ്ട് ആഴ്ച കാലയളവിലേയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാകുന്നതാണ്.** |

സെക്ഷൻ ഓഫീസർ